LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടം

2 [932] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

സ്റ്റീൽ കോംപ്ലക്സ് നവീകരണ പദ്ധതി

3 [933] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റീൽ കോംപ്ലക്സ് നവീകരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) യു.ഡി.എഫ്. സർക്കാർ സ്റ്റീൽ കോംപ്ലക്സ് നവീകരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ : എത്ര കോടി രൂപ ഇതിനായി ചെലവുചെയ്തു ;

(സി) തൊഴിൽ പ്രതിസന്ധിയെത്തുടർന്ന് ഇവിടെ നിന്നും എത്ര പേർ വി.ആർ.എസ്. വാങ്ങിയിട്ടുണ്ട് ; ആയതിന് എന്ത് തുക ചെലവുവന്നു ; ഇനി എത്ര പേർ ഇവിടെ ജോലി ചെയ്തുവരുന്നുണ്ട് ; ആദ്യകാലത്ത് എത്ര പേർ ഇവിടെ ജോലി ചെയ്തിരുന്നു ;

(ഡി) ബി.ഐ.എഫ്.ആർ. നിർദ്ദേശപ്രകാരം സമർപ്പിച്ച റിപ്പോർട്ട് ബാങ്ക് ഓഫ് ഇൻഡ്യയ്ക്ക് നൽകിയിട്ടുണ്ടോ ; ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ ?

ഉത്തരം

(എ) പൂർത്തീകരിച്ചിട്ടില്ല.

(ബി) കമ്പനി നവീകരിക്കുന്നതിന്റെ ഭാഗമായി ബി.ഐ.എഫ്.ആർ. സ്കീമിലുണ്ടായിരുന്ന ഇലക്ട്രിസിറ്റി, സെയിൽസ് ടാക്സ് ഇളവുകൾ 31-3-2004 വരെ യു.ഡി.എഫ്. സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കമ്പനിയിൽ അധികമുള്ള ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിന് വി.ആർ.എസ്. പ്രകാരം നടപടി സ്വീകരിച്ചു. ഈ ഇനത്തിൽ സർക്കാർ 392 ലക്ഷം രൂപ കമ്പനിക്ക് അനുവദിച്ചിട്ടുണ്ട്.

(സി) സ്റ്റീൽ കോംപ്ലക്സിൽ നിന്നും 118 ജീവനക്കാരും റോളിംഗ് മിൽ യൂണിറ്റിൽ നിന്നും 49 ജീവനക്കാരും വി.ആർ.എസ്. സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 392 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കമ്പനിയിൽ ഇപ്പോൾ 219 ജീവനക്കാരുണ്ട്. ബി.ഐ.എഫ്.ആർ.-ലേക്ക് റഫർ ചെയ്യപ്പെടുന്നതിന് മുൻപ് 620 പേർ ഉണ്ടായിരുന്നു.

† അനുബന്ധം VIII

GPM. 2/153/2013—8

(ഡി) ബി.ഐ.എഫ്.ആർ. നിർദ്ദേശപ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ സമർപ്പിച്ച നവീകരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

കാസർഗോഡ് ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

4 [935] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഇപ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) പുതുതായി ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന് കീഴിൽ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്.

(ബി) ആസ്ട്രാൾ വാച്ചസ് ലിമിറ്റഡ് കമ്പനിയും കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഒരു യൂണിറ്റുമാണ് അവ.

(സി) വ്യവസായ വകുപ്പിനുകീഴിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അവിടെ തുടങ്ങാനുദ്ദേശിക്കുന്നില്ല.

അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ

5 [936] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിലുണ്ട് ; ലാഭകരമായി നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയാണ് ; അവ ഏതെല്ലാം ;

(ബി) 2001-നുശേഷം ഏതെങ്കിലും സ്ഥാപനങ്ങൾ നഷ്ടത്തിലോ ലാഭത്തിലോ ആയി തീർന്നിട്ടുണ്ടോ ; ഇവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ,

(സി) അവയുടെ ലാഭനഷ്ടക്കണക്കിന്റെ വിശദവിവരം അറിയിക്കുമോ ;

(ഡി) 2001-നുശേഷം നഷ്ടംമൂലം അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(ഇ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly